# കേരളസർവകലാശാല

നം.പി.ആർ.53/2022

## പത്രക്കുറിപ്പ്

### വൈവാ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2022 ൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ (2013 അഡ്മിഷൻ മേഴ്സി ചാൻസ്, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ പ്രോജക്ട് വൈവാ വോസി 2022 മാർച്ച് 21ന് രാവിലെ 9.30 മുതൽ കാര്യവട്ടത്തെ വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിദ്യാർത്ഥികൾ പ്രോജക്ട് റിപ്പോർട്ടും ഹാൾടിക്കറ്റുമായി പരീക്ഷാകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല കോവിഡ്-19 വ്യാപനം കാരണം ഓഗസ്റ്റ് 2021 ലെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ ബി.എസ്.സി/ ബി.കോം പരീക്ഷകൾ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷിക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ പേര് ,കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യ വകുപ്പിന്റേയോ തദ്ദേശസ്വയംഭരണ വകുപ്പിന്റേയോ സാക്ഷ്യപത്രം സഹിതം 2022 മാർച്ച് 22 നകം അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

### പരീക്ഷ ഫീസ്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന 1, 2,3,4 സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി (2003 സ്കീം - 2004 അഡ്മിഷൻ ഒഴികെ ) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 24 വരെയും 150 രൂപ പിഴയോടുകൂടി മാർച്ച് 28 വരെയും 400 രൂപ പിഴയോടുകൂടി മാർച്ച് 30 വരെയും ഫീസടച്ച് ഓൺലൈനായും (2014 അഡ്മിഷൻ ), 2014 അഡ്മിഷന് മുമ്പുള്ളവർക്ക് നേരിട്ടും അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി/ ഡിപ്ലോമ ( 2017 അഡ്മിഷന് മുമ്പുള്ളത് ) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 24 വരെയും 150 രൂപ പിഴയോടുകൂടി മാർച്ച് 28 വരെയും 400 രൂപ പിഴയോടുകൂടി മാർച്ച് 30 വരെയും അപേക്ഷിക്കാവുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 സെപ്റ്റംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.ബി.ബി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾ ടിക്കറ്റുമായി മാർച്ച് 18, 19, 21 എന്നീ തീയതികളിൽ ഇ.ജെ.X സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

# <u>പിഎച്ച്.ഡി. നൽകി</u>

തോമസ് മാത്യു (പൊളിറ്റിക്കൽ സയൻസ്), ഓയൂന എർഡൻബാറ്റ് (ലിംഗ്വിസ്റ്റിക്സ്), ആശ .ടി.രാജൻ (പബ്ലിക് അഡ്മിനിസ്ട്രേഷൻ), പൂർണിമ ജെ. പ്രകാശ് (ഫിലോസഫി), അനിത ടി. പി (മലയാളം), ശാലിനി ഗോപാൽ എം.എസ്, മനുരാജ് എം. (ഫിസിക്സ്), അനുജി ടി.കെ. (സുവോളജി), സുകന്യ എസ്. (എൻവയോൺമെന്റൽ സയൻസസ്), ധന്യ .പി (മ്യൂസിക്), ജ്യോതി ആർ. എൽ (കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്), ഷാരോൺ .എസ് (പൊളിറ്റിക്കൽ സയൻസ്),ഫൈസി ജഹാൻ എഫ്. എൻ. (കൊമേഴ്സ്), അബ്ദുറഹിമാൻ എ.പി. അനച്ചം പള്ളി (അറബിക്), ഹരി കൃഷ്ണൻ .പി.കെ (ടൂറിസം മാനേജ്മെന്റ്), ജ്യോതിശങ്കർ.എസ്, നഹാസ് .എൻ (മാനേജ്മെന്റ് സ്റ്റഡീസ്), ആതിര എ.ആർ (മലയാളം), അനുപമ എസ്.ആർ (സൈക്കോളജി),റിയ സെബാസ്റ്റ്യൻ, സുധീർ വി.ആർ (ഒപ്റ്റോഇലക്ട്രോണിക്സ്), വിജീത വിജയൻ (ബയോടെക്നോളജി), നിഷ കെ.ആർ (കെമിസ്ട്രി), കുമാരി ഹരിപ്രിയ ഒ.ബി (നഴ്സിംഗ്), വിഷ്ണുമായ ആർ.എസ് (ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്), അനു എസ്., സുജി എസ്.കെ. (അപ്ലൈഡ് സയൻസസ് ആൻഡ് ടെക്നോളജി), അജിത എ.ആർ (എഞ്ചിനീയറിംഗ് & ടെക്നോളജി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ മാർച്ച് 16 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
16.03.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**